കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ.ടി.എസ്.ആർ(പി1)1525/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680 020
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി: 28.11.2017

ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി(പ്രസിഡന്റ് മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം –തളിക്കുളം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-5, ഭാഗം 3 ലെ 3-18 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയപകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ(പി1)1525/2017 തീയ്യതി: 28.11.2017

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.17 മുതൽ 22.09.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ. തുളസിദാസ്.വി.ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.വിജയശ്രീ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഷൈനികൃഷ്ണദാസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | കെ.കെ.രജനി | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ടി.എസ്.ബെനഡിക്ട് ആന്റണി | 1.4.16 മുതൽ 31.3.17 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | പ്രതീഷ്.വി.എസ് | 1.4.16 മുതൽ 6.10.16 വരെ |
| | രമ്യ.വി.എം | 7.10.16 മുതൽ 31.3.17 വരെ |
| അസി.എഞ്ചിനിയർ | പി.രശ്മി | 1.4.16 മുതൽ 30.9.16 FN വരെ |
| | ബിന്ദു.എം.യു | 30.9.16 AN മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുമതി ജയരാജ് | 1.4.16 മുതൽ 23.10.16 വരെ |
| | ഡോ.നൈജുജോർജ് | 24.10.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ബി.ബിനോദ് | 1.4.16 മുതൽ 15.9.16 FN വരെ |
| | ഡോ.ഡീനആന്റണി | 15.9.16 AN മുതൽ |

| | | |
|---|---|---|
| | | 31.3.17 വരെ |
| ഹെഡ് മിസ്ട്രസ് | ഓമന.പി.എ | 1.4.16 മുതൽ 2.7.16 വരെ |
| | ഒഴിവ് | 3.7.16 മുതൽ 7.7.16 വരെ |
| | ഗീത.പി.കെ | 8.7.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ,T2(തളിക്കുളം) | ബീന.വി.എസ് | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ,T1 | ജൂഡി.എസ് | 1.4.16 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | എൻ.ജി.ദിനേശൻ | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശുഭ നാരായണൻ | 1.4.16 മുതൽ 1.9.16 FN വരെ |
| | ജീജഭായി സി.എച്ച് | 1.9.16AN മുതൽ 31.3.17 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | നിത.എ.ആർ | 1.4.16 മുതൽ 11.4.16 FN വരെ |
| | രമ്യ.കെ.ഡി | 11.4.16 AN |

| | | |
|---|---|---|
| | | മുതൽ 8.6.16 FN വരെ |
| | ഫാത്തിമ.പി.എ | 8.6.16 AN മുതൽ 18.9.16 FN വരെ |
| | അൻസിൽ.പി.എം | 18.9.16 AN മുതൽ 31.3.17 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം-1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യഫത്രിക പരിശോധിച്ചതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം-2 | |
| 12 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ | 2.1 |
| 13 | തൊഴിൽ നികുതി - അർദ്ധവാർഷിക വരുമാനപത്രിക സമർപ്പിച്ചതിലെ പിഴവ് , ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് കുറവ് തുക അടവാക്കി | 2.2 |
| 14 | വാടക -അപാകതകൾ | 2.3 |
| 15 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-4 |
| 16 | തളിക്കുളം വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക്- അനധികൃത നിർമ്മാണം - സ്ഥാപനം നിലവിൽ | 2-5 |

| | | |
|---|---|---|
| | പ്രവർത്തിക്കുന്നു. | |
| 17 | വസ്തു നികുതി - അപാകതകൾ | 2-6 |
| 18 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല. | 2-7 |
| | ഭാഗം-3 | |
| 19 | ഓഫീസ് കെട്ടിടങ്ങളുടെ മെയിന്റനൻസ് ഗുണഭോക്തൃസമിതിയെ ഏല്പിച്ചു-ക്രമപ്രകാരമല്ല. | 3.1 |
| 20 | റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക നിരക്ക് അനുവദിച്ചു. | 3.2 |
| 21 | അംഗണവാടിക്ക് മുകളിൽ ഹാൾ നിർമ്മാണം - അപാകതകൾ | 3.3 |
| 22 | ബിറ്റുമിൻ വാങ്ങൽ- 208224/- രൂപ പ്ലാൻ ഫണ്ട് സെക്രട്ടറിയുടെ അക്കൌണ്ടിൽ ബാക്കി നില്ക്കുന്നു. | 3.4 |
| 23 | ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികൾ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3.5 |
| 24 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് കാനനിർമ്മാണം- ക്രമപ്രകാരമല്ല | 3.6 |
| 25 | LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- സൂപ്പർ വിഷൻ ചാർജ്ജായി KSEB ക്ക് അധിക തുക നല്കി | 3.7 |
| 26 | ഹരിത കേരളം - തുണിസഞ്ചി വിതരണം-ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുൻപ് തുണിസഞ്ചി വാങ്ങി. | 3.8 |
| 27 | സ്ട്രീറ്റ് മെയിൻ വലിക്കൽ - ഒരേ പ്രവൃത്തിക്കായി വ്യത്യസ്ത നിരക്കുകൾ ഈടാക്കി. | 3.9 |
| 28 | ABC പ്രോഗ്രാം - തുക കൈപറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമല്ല-അധിക തുക പിൻവലിച്ചു | 3.10 |
| 29 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയിട്ടില്ല | 3.11 |
| 30 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ - വാങ്ങിയ 3510 എണ്ണം ട്യൂബുകൾ ഇനിയും ഉപയോഗപ്പെടുത്തിയില്ല. | 3.12 |
| 31 | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3.13 |
| 32 | റോഡ് കട്ടിംഗ് ചാർജ്ജ് വാങ്ങിയത്-വിശദവിവരം ലഭ്യമാക്കിയില്ല | 3.14 |
| 33 | അഡ്വക്കറ്റ് ഫീ നല്കിയത്- ആദായനികുതി ഈടാക്കിയില്ല | 3.15 |

| | | |
|---|---|---|
| 34 | തെരുവ് വിളക്കുകൾക്ക് എഎംസി- കരാർ നിരക്കിൽനിന്നും വ്യത്യസ്തമായ നിരക്കിൽ തുക അനുവദിച്ചു. | 3.16 |
| 35 | പട്ടികജാതി യുവാക്കൾക്ക് വിദേശജോലിക്ക് ധനസഹായം | 3 .17 |
| 36 | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും -10എണ്ണം വിതരണം നടത്തിയിട്ടില്ല. | 3.18 |
| 37 | എസ്.എസ്.എ വിഹിതം അധികം അനുവദിക്കപ്പെട്ടു | 3.19 |
| 38 | ആശ്രയമരുന്ന്-പദ്ധതിവിഹിതം ഉപയോഗിക്കുന്നു | 3.20 |
| 39 | പ്രത്യേകകന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3.21 |
| 40 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.22 |
| 41 | പാലിയേറ്റീവ് കെയർ-ചെലവുരേഖകൾ പൂർണ്ണമായും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 3.23 |
| 42 | ബയോഗ്യാസ് പ്ലാന്റ്-വികസനഫണ്ട് അധികം ചെലവഴിച്ചു. | 3.24 |
| ഭാഗം-4 | | |
| 43 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 44 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4.4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 48 | ഓഡിറ്റ് റിക്കവറി | 4.6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4.7 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4.8 |
| 51 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04-03-2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 131077736/-രൂപയും പ്രതീക്ഷിത ചെലവ് 119261460/-രൂപയും

ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 15-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാടക – ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
2. ഡി സി ബി പ്രകാരമുള്ള വസ്തു നികുതി വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
3. വസ്തു നികുതി- ഡിമാന്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.
4. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2016-17 ലെ ഓഡിറ്റ് സാക്ഷ്യപത്രം, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9439101 |
| വരവ് | 46448367 |
| ആകെ | 55887468 |
| ചെലവ് | 44486693 |
| നീക്കിയിരിപ്പ് | 11400775 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ്/ വരവ് | ചെലവ് | സഞ്ചിതനിധി യിലേക്ക് തിരികെ പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 9356856 | 8242156 | 1114700 | 88.08 |
| വികസനഫണ്ട് എസ്.സി.പി. | 8643096 | 5758546 | 2884550 | 66.63 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 7985808 | 4157919 | 3827889 | 52.06 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 697198 | 1857557 | 27.29 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5247477 | 3657893 | 1589584 | 69.7 |
| ലോകബാങ്ക് സഹായം | 2809981 | 1869403 | 940578 | 66.52 |
| ജനറൽ പർപ്പസ് ഫണ്ട് | 8111016 | 8111016 | 8111016 | 100 |
| ബി ഫണ്ട് | 32940820 | 32940820 | 32940820 | 100 |
| എൻ ആർ ഇ ജി എസ് | 16827129 | 16827129 | 16827129 | 100 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 51139953 | 69 | 30577056 | 58 | 0 | 59.79 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 7.5% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4573940 | 5056260 | 482320 | 10.54 |
| നികുതിയേതര വരവുകൾ | 545781 | 557204 | 11423 | 2.09 |
| മറ്റുവരവുകൾ | 10073017 | 8440350 | (-)1632667 | (-)16.20 |
| ആകെ | 15192738 | 14053840 | (-)1138924 | (-)7.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78720 | 44 |
| കർഷകതൊഴിലാളി പെൻഷൻ | 1606280 | 181 |
| വിധവാപെൻഷൻ | 12845980 | 1190 |
| വാർദ്ധക്യകാലപെൻഷൻ | 15082915 | 1380 |
| വികലാംഗപെൻഷൻ | 2496835 | 270 |
| 50വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സത്രീകൾക്കുള്ള പെൻഷൻ | 680090 | 67 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.9.2017 തീയതി 2.45pm ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30597/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

2) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവയെല്ലാം സൂക്ഷിക്കുന്നുണ്ട്

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4)ഐ.സി.ഡി.എസ്.സൂപ്പർവൈസർ, എച്ച്.എം ഉടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരൊന്നും തന്നെ TR 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

5)ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അംഗൻവാടികളിലേക്കുള്ള ഭക്ഷ്യസാധനങ്ങൾ വിതരണം

നടത്തുന്നത് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
6) പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ ഓരോ മാസാവസാനവും തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് രേഖപ്പെടുത്തിയതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് ബഡ്സ് സ്കൂളിനായി അനുവദിച്ച് നൽകിയ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-08-17 | ജൂലൈ2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-04-11 | 2006-07to2010-11 | 13-05-11 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

ഡി ആന്റ് ഒ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് പുതുക്കുന്ന സംഗതികളിൽ അപേക്ഷയോടൊപ്പം മതിയായ രേഖകൾ ഹാജരാക്കാതെ തന്നെ ലൈസൻസ് പുതുക്കി നൽകുന്നതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം | ലൈസൻസ് നം / ഫയൽ നം. | അപാകത |
|---|---|---|---|---|
| XIV / 91,103 | കെ.ഡി സുരേഷ് കരുവത്തിൽ വീട്. എടശ്ശേരി | ഉന്നതി ട്രേഡേഴ്സ് വളം, കീടനാശിനി സ്റ്റോക്ക് ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും | ബി 4-1104/16 | മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| VIII/441 A | അബ്ദുൾ ഗഫൂർ പണിക്കവീട്ടിൽ പുത്തൻതോട്,തളിക്കുളം | പെറ്റൽ ബ്രിക്സ് കോൺക്രീറ്റ് കട്ട | ബി 4-1159/16 | ,, |
| V/ 284 | സെക്രട്ടറി, തളിക്കുളം, SCB | വളം സ്റ്റോക്ക് ചെയ്യുന്നതിന് | ബി 3-262/16-17 | ,, |
| III/248 | ബിഷൻ.എ.ഡി<br>അറയ്ക്കൽ വീട്, തമ്പാൻകടവ് | A Star wood & Steel Industries വെൽഡിംഗ്സ് വർക്ക് & ഫർണ്ണിച്ചർ നിർമ്മാണം 91 + 10 HP | ബി 4-274/16-17 | ,, |
| X/ 225A | ജീവനാഥൻ,അമ്പാട്ട് ( H) | അമ്പാട്ട് ഇൻഡസ്ട്രീസ് വെൽഡിംഗ് , മരപ്പണി 10 HP | ബി 3-373/16-17 | ,, |
| VII / 466 | ഷെറി.ഇ.വി എരണേഴത്ത് വീട് | CARS Land<br>ഓട്ടോമൊബൈൽ കാർ മെക്കാനിക്കൽ വർക്ക് | ബി 4-1110/16 | സ്വന്തം കെട്ടിടമല്ല. വാടക കരാർ വെച്ചിട്ടില്ല. |
| XII/ 64 | ഇസ്മായിൽ നാലകത്ത്, തൃത്തല്ലൂർ | ഹാർഡ്വെയർ വില്പന | ബി 3-1198/16 | ,, |

അപേക്ഷകളോടൊപ്പം മതിയായ രേഖകൾ ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നതും ഡി ആന്റ് ഒ ലൈസൻസ് എടുക്കേണ്ടതുമായ 20 സ്ഥാപനങ്ങളിൽ 5 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പുതുക്കിയതായി കാണുന്നത്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. പഞ്ചായത്തിന്റെ 9 ാം വാർഡിൽ പ്രവർത്തിക്കുന്ന നാട്ടിക ബീച്ച് ആയുർവേദ ആന്റ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ബി 3-161 ാം നമ്പറായി ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2007 ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ ( അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽ നിന്നും അംഗീകാരം വാങ്ങി മാത്രമേ പ്രവർത്തിക്കാവൂ എന്നും പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തനം ആരംഭിച്ച് 6 മാസത്തിനകം അംഗീകാരം വാങ്ങിച്ചിരിക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഡി

ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം മേൽ അംഗീകാരം ലഭിച്ചതിന്റെയോ, പുതുക്കിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് ചട്ടങ്ങൾ പട്ടിക 1 ലെ ഇനം 33 പ്രകാരം ഡി ആന്റ് ഒലൈസൻസ് ഈടാക്കാവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

a) ബ്രദേഴ്സ് ഓഡിറ്റോറിയം

b) കിംഗ് ഓഡിറ്റോറിയം

c) നസീബ് ഓഡിറ്റോറിയം

d) എരണേഴത്ത് അമ്പലം ഓഡിറ്റോറിയം

5. ഡി ആന്റ് ഒ രജിസ്റ്റർ പരിശോധിച്ചതിൽ 19 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുകയും രേഖകളുടെ അഭാവത്തിൽ ലൈസൻസ് അനുവദിക്കാതിരിക്കുകയും ചെയ്തതായി കാണുന്നു. ആയതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി ( 16/20.9.17)നൽകിയതിന് വിശദീകരണം ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അർദ്ധവാർഷിക വരുമാനപത്രിക സമർപ്പിച്ചതിലെ പിഴവ് , ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് കുറവ് തുക അടവാക്കി

ഹബീബ്.എം.എം, കൃഷി അസിസ്റ്റന്റ്, കൃഷി ഭവൻ തളിക്കുളം എന്ന വ്യക്തിയുടെ, ഒന്നാം അർദ്ധ വാർഷിക വരുമാന പത്രിക പ്രകാരമുള്ള വരുമാനം 170078 രൂപയും ഇത് പ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി 1250 രൂപയാണ് എന്നാൽ ടിയാനിൽ നിന്നും ഈടാക്കിയ നികുതി 750 രൂപയാണ് കുറവ് വന്ന തുക ഈടാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് ( എൻക്വയറി നം. 9/ 20.9.17) ടിയാൻ ഒന്നാം അർദ്ധവർഷത്തിൽ ശമ്പള രഹിത അവധിയിലായിരുന്നതിനാൽ വരുമാനം 103517 രൂപയാണെന്നും ആയത് പ്രകാരം കുറവ് വന്ന തുക എൻക്വയറിയെ തുടർന്ന് അടവാക്കുകയും ചെയ്തിട്ടുണ്ട് ( രശീതി നം. 117220102517/23.9.17). വരുമാന പത്രികകൾ സമർപ്പിക്കുമ്പോൾ ആയതിന്റെ കൃത്യത പരിശോധിക്കേണ്ടതും, വരുമാനത്തിന് ആനുപാതികമായ നികുതി തുകയാണ് അടവാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-3 വാടക - അപാകതകൾ

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 21 മുറികളിൽ നിന്നാണ് തൻവർഷം വാടക ഈടാക്കിയിട്ടുള്ളത്. എന്നാൽ വാടകക്കാർ ആരും തന്നെ തൻവർഷം വാടക കരാർ പുതുക്കിയതായി കാണുന്നില്ല.

2. വാടക ഈടാക്കുന്നത് 30.9.92 ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഒരു ബൈലോയുടെ അടിസ്ഥാനത്തിലാണ്. കമ്മിറ്റി അംഗീകരിച്ച ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

3. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ബൈലോയിൽ, മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സിലെ 529 ാം നമ്പർ മുറി കബീർ അരവശ്ശേരി എന്നയാൾക്കാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. ടിയാന്റെ പേരിൽ കൃത്യമായി വാടക അടവാക്കി വരുന്നുമുണ്ട്. എന്നാൽ മേൽ നമ്പർ മുറിയിൽ കൃഷ്ണൻ പട്ടാലി എന്നയാൾ ഇലക്ട്രോണിക്സ് ഐറ്റംസ് റിപ്പയറിംഗ് എന്ന സ്ഥാപനം നടത്തിവരുന്നുണ്ട്. ബൈലോയിലെ വ്യവസ്ഥകൾക്ക് വിപരീതമായി മേൽ വാടകയ്ക്ക് നൽകിയതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഏതെങ്കിലും വിധത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നം 17/20.9.17) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡോ. സി. രാമനാഥൻ ഫോർ കെ.കെ. സദാനന്ദൻ, സീതാറാം ബീച്ച് റിട്രീറ്റ് , തളിക്കുളം എന്നവർ 292/2 ബി, 293/1 എ, 293/2 എന്നീ സർവ്വേ നമ്പറുകളിലുള്ള സ്ഥലത്ത് 73.2 എം 2 വീതം തറ വിസ്തീർണ്ണമുള്ള 5 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങൾ ( ഹട്ട്) പണിയുന്നതിന് നിർമ്മാണാനുമതിക്കായി 24.9.16 ന് അപേക്ഷ സമർപ്പിക്കുകയും, ആയതിന് പെർമിറ്റ് അനുവദിച്ചിട്ടില്ലാത്തതും രജിസ്റ്ററിൽ CRZ എന്ന് രേഖപ്പെടുത്തിയതായും കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ടിയാന് 3.10.16 ന് കത്ത് നൽകിയതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

292 /2 ബി, 293/1, 293/2 എന്നീ സർവ്വേ നമ്പറിലുള്ള സീതാറാം ആയുർവേദ ഫാർമസി ലിമിറ്റഡ് സീതാറാം ബീച്ച് റീട്രീറ്റ് എന്ന സ്ഥാപനത്തിന് 2016-17 വർഷത്തിൽ ബി 3-173/16-17 നമ്പർ ആയി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

പെർമിറ്റിനായി അപേക്ഷിച്ചിട്ടുള്ള കെട്ടിടങ്ങളും നിലവിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളും ഒരേ സർവേ നമ്പറിൽ വരുന്ന സ്ഥലമായതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗമാണോ പുതിയത് എന്നും , ആയതിനാൽ തന്നെ നിലവിലുള്ളത് തീരദേശ പരിപാലന നിയമം പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നത് എന്നതിനും വിശദീകരണം ആവശ്യപ്പെട്ടതിന് നിലവിലുള്ള കെട്ടിടത്തിന്റെ ഭാഗമല്ല പെർമിറ്റിനായി അപേക്ഷിച്ചിട്ടുള്ളത് എന്നും നിലവിലുള്ളത് തീരദേശ പരിപാലന നിയമം പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഒരേ സർവേ നമ്പറിലാണ് രണ്ടും എന്നതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാൻ ബന്ധപ്പെട്ട ഫയലുകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 21 കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി നികുതി നിർണ്ണയം

നടത്തിയതായി കാണുന്നു. എന്നാൽ അതോടൊപ്പം തന്നെ അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള ഫീസ് എന്ന ഇനത്തിൽ തുക ഈടാക്കിയതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 20 ൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് യു എ എന്നും നിർമ്മാണത്തിന്റെ വർഷം കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ നൽകേണ്ടതും ഇപ്രകാരം നമ്പർ നൽകുന്നത് വസ്തു നികുതി നിർണ്ണയിക്കുന്നതിന് വേണ്ടിമാത്രമാണെന്നും വസ്തു നികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഇപ്രകാരം നിർമ്മിച്ച കെട്ടിടം പൊളിച്ചു മാറ്റുന്നതുവരെ നികുതി ഈടാക്കാവുന്നതാണെന്നും പറയുന്നു. എന്നാൽ മേൽ പ്രകാരം ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് എൻക്വയറി നൽകിയതിന് ( 18/22.9.17) പിഴ ഇനത്തിലാണ് തുക ഈടാക്കിയതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയലുകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ല. ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

3. തൻവർഷം ബിൽഡിംഗ് പെർമിറ്റിനായി 238 അപേക്ഷകൾ ലഭിച്ചതിൽ 3 ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

4. തൻവർഷം നമ്പർ അനുവദിക്കുകയും, എന്നാൽ പെർമിറ്റിന്റെ കാലാവധി പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മുൻവർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകളോ, ഫയലുകളോ ലഭ്യമാക്കിയിട്ടില്ല.

5. പഞ്ചായത്ത് പരിധിയിൽ 63 അനധികൃത കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകി വസ്തു നികുതി ഈടാക്കി വരുന്നുണ്ട്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതുവരെ ഇത്തരത്തിൽ വസ്തു നികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് ഏതെങ്കിലും ആവശ്യത്തിനായി പഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതുമാണ്. ആയതിനാൽ തന്നെ പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ സ്ഥാപനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതും, ഇത്തരം കെട്ടിടങ്ങൾക്കുമേൽ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 തളിക്കുളം വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക്- അനധികൃത നിർമ്മാണം - സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നു.

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് ആക്ട് പ്രകാരം 2004 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള തളിക്കുളം വികാസ് ട്രസ്റ്റ് എല്ലാവർക്കും വീട്, എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും സാമൂഹ്യ സുരക്ഷ, എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്. 2.87 ഏക്കർ സ്ഥലത്ത് 4 ഭാഗങ്ങളായി പണിതിട്ടുള്ള തളിക്കുളം വികാസ് ട്രസ്റ്റ് അപ്പാരൽ പാർക്ക് എന്ന സ്ഥാപനം തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ അനധികൃതമായിട്ടാണ് നിർമ്മിച്ചിട്ടുള്ളത്. വാർഡ് 10 ൽ സ്ഥിതി ചെയ്യുന്ന 45000 ത്തോളം ചതുരശ്ര അടി വിസ്തീർണ്ണമുള്ള(സ്ഥാപനത്തിന്റെ2017 ലെ പ്രവർത്തന റിപ്പോർട്ട് പ്രകാരം)

സ്ഥാപനത്തിന് 194 എ നമ്പറായി കെട്ടിട നമ്പർ നൽകുകയും കെട്ടിട നികുതി ഈടാക്കി വരുകയും ചെയ്യുന്നുണ്ട്. എന്നാൽ അനധികൃത നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ പ്രസ്തുത സ്ഥാപനത്തിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും , യു എ നമ്പർ നൽകിയതിന്റെയോ, നികുതി നിർണ്ണയം നടത്തിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. ആയത് കൊണ്ട് തന്നെചട്ടങ്ങൾ പ്രകാരമുള്ള മൂന്നിരട്ടി ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിട നികുതി ഇനത്തിൽ 144434 രൂപ രശീതി നം. 11622500084/30.3.17 പ്രകാരം അടവാക്കിയതായി കാണുന്നു.

ഓഡിറ്റിന്റെ ഭാഗമായി 22.9.17 ന് സ്ഥല പരിശോധന നടത്തിയതിൽ ഒരു ഗാർമെന്റ് യൂണിറ്റ്, പകൽവീട് എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും, പ്രത്യേക കെട്ടിട നമ്പർ നൽകിയതുമായ സ്ഥാപനം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതിയോ, ലൈസൻസോ നൽകാൻ പാടില്ലാത്തതാണ്. ( 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 ). ഇത്തരത്തിൽ സ്ഥാപനം പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതിയോ ലൈസൻസോ അനുവദിച്ചതിന്റെ യാതൊരു രേഖയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. സ്ഥാപനത്തിന് യു എ നമ്പർ നൽകിയതുമായും വസ്തു നികുതി നിർണ്ണയിച്ചതുമായും ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

തീരദേശ പരിപാലന നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ എന്നിവ ലംഘിച്ച് അനധികൃതമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുകയോ, സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങുകയോ ചെയ്യേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 2-6 വസ്തു നികുതി - അപാകതകൾ

1. വിമുക്ത ഭടന്മാരുടെ വീടിന് വസ്തു നികുതി ഇളവ്

ജി ഒ (എം എസ്) 2422013 തസ്വ ഭ വ തി. 2.7.13 പ്രകാരം തറ വിസ്തീർണ്ണം 2000 അടി ചതുരശ്രമീറ്റർ കവിയാത്ത വിമുക്ത ഭടന്മാരുടെ വീടിന് വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇളവിനുള്ള അപേക്ഷ എല്ലാ സാമ്പത്തിക വർഷവും നൽകേണ്ടതുമാണ്. പഞ്ചായത്തിൽ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം സംബന്ധിച്ച വിവരമോ 16-17 ൽ ഇളവ് നൽകിയതിന്റെ വിവരമോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 16-17 വർഷത്തെ ഇളവിനുള്ള അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

2. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് രജിസ്റ്റർ പരിശോധിച്ചതിൽ പെർമിറ്റ് അനുവദിക്കുന്നതിനു പകരം എൻ ഒ സി അനുവദിച്ചതായി കണ്ടു.

സർക്കാർ ഉത്തരവ് ( എം എസ്) 10/2014 തസ്വ ഭ വ 10.1.14 പ്രകാരം എല്ലാ നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും 100 എം 2 ന മേൽ വിസ്തൃതിയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾക്കും നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. എന്നാൽ താഴെപ്പറയുന്ന 100 എം 2 ന മേൽ വിസ്തൃതിയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ എൻ ഒ സി അനുവദിച്ചതായി കാണുകയും ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ക്രമവത്കരണ ഫീസ് ഈടാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ

| ക്രമ നം | വാർഡ് നം /കെട്ടിട,നം | നികുതിദായകന്റെ പേരു വിവരം | കെട്ടിടത്തിന്റെ തരം/തറ വിസ്തൃതി | NOC അനുവദച്ചത് | ക്രമവത്കരണ ഫീസ് ഈടാക്കിയത് |
|---|---|---|---|---|---|
| 1 | 2/334 എ | അപ്പുണ്ണി കുട്ടംപറമ്പത്ത്ഹൗസ് തമ്പാൻകടവ് | പാർപ്പിടം / 111.82 എം2 | 19/15-16 തി. 2.6.15 | 108 ( 11622106325/1.3.17) 564(11722010255/25.9.17) |
| 2 | 1/91 സി | ഗോപിനാഥൻ റൈമ ഗോപിനാഥൻ പഴഞ്ചേരി ഹൗസ് | പാർപ്പിടം / 104.40 | 192/15-16 തി. 11.3.16 | 102( 11622101140/16.8.16) 525(117220102558/25.9.17) |

## 2-7 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത ഒരു പ്രവൃത്തിയുടേയും, 2016-17 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത 12 പ്രവൃത്തികളുടേതുമായി പഞ്ചായത്തിന് ടെണ്ടർ ഫോം വിലയിനത്തിൽ ലഭിക്കേണ്ട 21700/- (2200+19500) രൂപ ഇനിയും ലഭ്യമായിട്ടില്ല. ആയത് എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഓഫീസ് കെട്ടിടങ്ങളുടെ മെയിന്റനൻസ് ഗുണഭോക്തൃസമിതിയെ ഏല്പിച്ചു-ക്രമപ്രകാരമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം.106/17-പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് എന്ന പ്രവൃത്തി ഗുണഭോക്തൃസമിതിയെയാണ് ഏല്പിച്ചിരിക്കുന്നത്. 2016-17 വർഷത്തിൽ ഈ പ്രവൃത്തിക്കായി 1st & Part bill ആയി 100096/- രൂപ ട്രഷറി ബിൽ നം.45/31-3-17 പ്രകാരം മാറി കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 13/11/14 ലെ സർക്കുലർ നം.1/1559/2010/CE/തസ്വഭവ പ്രകാരം ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം, മെയിന്റനൻസ് തുടങ്ങിയവ ഗുണഭോക്തൃസമിതിയെ ഏല്പിക്കാൻ പാടുള്ളതല്ല. ഇത്തരം പ്രവൃത്തികളുടെ ഗുണഭോക്താക്കളായി പഞ്ചായത്തിലെ മുഴുവൻ

ജനങ്ങളും ഉൾപ്പെടുമെന്നതിനാൽ ഒരു വാർഡിലെ ഗുണഭോക്താക്കളെ മാത്രം ഉൾപ്പെടുത്തിയുള്ള സമിതിക്ക് പ്രവൃത്തി കൈമാറുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക നിരക്ക് അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് 10% നിരക്കിൽ കരാറുകാരന്റെ ലാഭവും 5% നിരക്കിൽ ഓവർഹെഡ് ചാർജ്ജുമാണ് അനുവദിക്കാവുന്നത്. എന്നാൽ PRICE Software ഉപയോഗിച്ച് തയ്യാറാക്കിയ 2016-17 വർഷത്തെ റോഡ് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജിനത്തിൽ 10% ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ച് നല്കിയിട്ടുണ്ട്. അതേസമയം DSR പ്രകാരം തയ്യാറാക്കുന്ന ഡാറ്റയിൽ ഓവർഹെഡ് ചാർജ്ജായി ഇപ്പോഴും 5% തന്നെയാണ് അനുവദിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11/5/17 ലെ സർക്കുലർ നം.ഡിബി3/6512(ബി)/13/സിഇ/തസ്വഭവ പ്രകാരം നിലവിൽ റോഡ് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജായി യഥാക്രമം 10%,15%,20% ആണ് അനുവദിക്കുന്നത് എന്നും, എന്നാൽ benificiary committee പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജായി 7.5% ആണ് അനുവദിക്കാവുന്നത് എന്നും പറയുന്നു. എന്നാൽ ഓവർഹെഡ് ചാർജ്ജായി 10% അനുവദിക്കാമെന്ന സർക്കാർ ഉത്തരവുകളൊന്നുംതന്നെ ഉള്ളതായി കാണുന്നില്ല. ഇത്തരത്തിലുള്ള ഉത്തരവുകൾ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതും ഇല്ലാത്തപക്ഷം സർക്കാരിൽനിന്നും ഇക്കാര്യത്തിൽ സ്പഷ്ടീകരണം വാങ്ങേണ്ടതുമാണ്.

## 3-3 അംഗൻവാടിക്ക് മുകളിൽ ഹാൾ നിർമ്മാണം - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക- 490000/- രൂപ

പ്രോജക്ട് നം.23/17- അംഗൻവാടിക്ക് മുകളിൽ ഹാൾ നിർമ്മാണം എന്ന പ്രവൃത്തിയിൽ നിലവിലുള്ള 119ാം നം അംഗൻവാടിക്ക് മുകളിൽ പുതുതായി ഒരു ഹാൾ നിർമ്മിക്കുകയാണ് ചെയ്യുന്നത്. 2015-16 വർഷത്തിൽ ആരംഭിച്ച മേൽ പ്രവൃത്തിക്കായി 2016-17 വർഷത്തിൽ 335812/- രൂപ ട്രഷറി ബിൽ നം.43/31-3-17 പ്രകാരം പിൻവലിച്ച് കൺവീനറായ ദാവൂദ് പുഴങ്കരയില്ലത്ത് എന്നയാൾക്ക് അനുവദിച്ചിട്ടുണ്ട്. ബാലൻസ് തുകയായ 154188/- രൂപ 2017-18 വർഷത്തിൽ പിൻവലിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പൂർണ്ണമായും പുതിയ നിർമ്മിതിയായിട്ടും മെയിന്റനൻസ് ഗ്രാന്റാണ് പ്രസ്തുത പദ്ധതിക്ക് ചെലവഴിച്ചിട്ടുള്ളത്.

2. തസ്വഭവ(ഡിഎ) വകുപ്പിന്റെ 11/5/17 ലെ സർക്കുലർ നം. 279 പ്രകാരം 15-16 ലെ പ്രവൃത്തികൾ 16-17 വർഷത്തിലും പൂർത്തീകരിക്കാതെ വന്നവ 17-18 വർഷത്തിൽ സ്പിൽ ഓവറായി

ഉൾപ്പെടുത്താമെങ്കിലും ഇതിന് പ്രത്യേകം ഫണ്ട് അനുവദിക്കില്ലെന്നും, അവ പൂർത്തീകരിക്കുന്നതിന് തനതുഫണ്ടോ, 17-18 ലെ അലോട്ട്മെന്റിൽ നിന്നോ തുക കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി യഥാസമയം പൂർത്തീകരിക്കാതെ നീണ്ടുപോയതിനാൽ ഇത്തരത്തിൽ 17-18 ലെ പുതിയ പ്രവൃത്തികൾക്കുള്ള ഫണ്ട് നഷ്ടപ്പെടുന്നതിനിടയാക്കി.

3. പ്രവൃത്തി അനാവശ്യമായി നീണ്ടുപോയതിന് കരാറുകാരനിൽനിന്ന് ഫൈൻ ഈടാക്കിയിട്ടില്ല.

ഫണ്ട് വകമാറ്റിയതിന് സർക്കാരിൽനിന്നും അനുമതി തേടേണ്ടതും ആവശ്യമായ ഫൈൻ കരാറുകാരനിൽനിന്ന് ഈടാക്കേണ്ടതുമാണ്.

## 3-4 ബിറ്റുമിൻ വാങ്ങൽ- 208224/- രൂപ പ്ലാൻ ഫണ്ട് സെക്രട്ടറിയുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്നു.

2016-17 വർഷത്തെ റോഡ് പ്രവൃത്തികൾക്കായി ബിറ്റുമിൻ, എമൽഷൻ എന്നിവ വാങ്ങുന്നതിലേക്കായി അസി.എഞ്ചിനീയർ പിൻവലിച്ച് സെക്രട്ടറിക്ക് നല്കിയ 1769011/- (1380618+388393) രൂപയിൽ 1560787/- രൂപ മാത്രമേ 30/4/17 വരെ BPCL, HINDCOL എന്നീ സ്ഥാപനങ്ങൾക്കായി കൈമാറിയിട്ടുള്ളൂ. ബാക്കി തുകയായ 208224/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ ബാക്കി നില്ക്കുന്നു. ചെലവ് ചെയ്യാതെ നില്ക്കുന്ന പ്രസ്തുത തുക എത്രയും വേഗം സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

BPCL, HINDCOL എന്നിവക്ക് നല്കിയ 1560787/- രൂപയിൽ (യഥാക്രമം 1501134+59653), 1402996/- രൂപയുടെ ബിറ്റുമിൻ, എമൽഷൻ എന്നിവയാണ് നാളിതുവരെയായി ലഭ്യമായിട്ടുള്ളത്. 157791/- രൂപയുടെ ബിറ്റുമിൻ, എമൽഷൻ എന്നിവ ഇനിയും ലഭ്യമാകേണ്ടതുണ്ട്. ആയത് എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികൾ- മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

ഗുണഭോക്തൃസമിതി വഴി ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ 1999 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖ, കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

1) നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും, സ്ഥാപനങ്ങളിൽനിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തവില, തീയ്യതി എന്നിവ രേഖപ്പെടുത്തിയ ഒറിജിനൽ ക്യാഷ് ബിൽ ഹാജരാക്കണം. ക്വട്ടേഷൻ/ടെണ്ടർ വഴി സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങൾ സമാഹരിക്കൽ മാർഗ്ഗരേഖ കൃത്യമായി പാലിക്കണം. സിമന്റ്, കമ്പി, ബിറ്റുമിൻ എന്നിവ അംഗീകൃത ഡീലർമാരിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ വാങ്ങണം. മേൽ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കപ്പെട്ടിട്ടില്ല.

2) പണമിടപാടുകൾക്ക് ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട്

തുടങ്ങാൻ ഗുണഭോക്തൃസമിതി മീറ്റിംഗിൽ തീരുമാനിച്ചിരുന്നുവെങ്കിലും കൺവീനറുടെ പേരിൽ മാത്രമാണ് അക്കൗണ്ട് തുടങ്ങിയിരിക്കുന്നത്.

3) ഒന്നിലധികം പ്രവൃത്തികൾ ഒരേ കൺവീനറെ തന്നെ ഏല്പിച്ചതായും കാണുന്നു.

4) 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ കൺവീനർമാർ യാതൊരു തുകയും മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റാതെ പ്രവൃത്തി നിർവ്വഹിക്കുന്നു. അതേസമയം, കൺവീനർമാരുടെ സാമ്പത്തിക അടിത്തറ പരിശോധിക്കപ്പെടുന്നില്ല.

5) ബാങ്ക് അക്കൗണ്ട്, മിനിട്സ് ബുക്ക് എന്നിവ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷവും ക്ലോസ് ചെയ്യുന്നില്ല.

ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാനും ഇവ ബിനാമി കരാർ ആയി മാറാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് കാനനിർമ്മാണം- ക്രമപ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനീയർ

സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള വെള്ളക്കെട്ടുള്ള ചില പ്രദേശങ്ങളിൽ കാനനിർമ്മാണം നടത്തിയതായും അതിനുമുകളിൽ സ്ലാബ് സ്ഥാപിച്ച് നടപ്പാതയാക്കി മാറ്റിയതായും നേരിട്ടുള്ള പരിശോധനയിൽ കാണാൻ കഴിഞ്ഞു. ഉദാഹരണമായി പ്രോജക്ട് നം. 78/17-കോറോത്ത് സഹദേവൻ റോഡ് കാനനിർമ്മാണം എന്ന പ്രവൃത്തി. യഥാർത്ഥത്തിൽ കാനനിർമ്മാണം നടത്തിയിരിക്കുന്നത് റോഡിന്റെ സൈഡിലല്ല, മറിച്ച് സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ്.

കാനനിർമ്മാണം നടത്തുന്നതിന് പ്രസ്തുത സ്ഥലം പഞ്ചായത്തിന് വിട്ടുനല്കുകയോ, ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല. പ്ലാൻ ഫണ്ടോ, പഞ്ചായത്ത് ഫണ്ടോ ഉപയോഗിച്ച് ഇത്തരത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത് ശരിയായ പ്രവണതയല്ല ആയത് ഒഴിവാക്കേണ്ടതാണ്.

## 3-7 LED സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ- സൂപ്പർ വിഷൻ ചാർജ്ജായി KSEB ക്ക് അധിക തുക നല്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. 124/17

മേൽ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി, ആലുവ എന്ന സ്ഥാപനത്തിന്റെ ഒന്നിന് 2397/- രൂപ എന്ന നിരക്ക് അംഗീകരിച്ച് കരാർ നല്കി. 2397/- രൂപയിൽ 25W LED Street light, അനുബന്ധ സാമഗ്രികൾ, Installation Charge എന്നിവയും ഉൾപ്പെട്ടിരുന്നു. തുടർന്ന് 199 എണ്ണം സ്ഥാപിച്ചതിന് 28/3/17 ലെ ഇൻവോയ്സ് നം. E-221 പ്രകാരം 417306.57 രൂപ സ്ഥാപനം ആവശ്യപ്പെടുകയും, പ്രസ്തുത തുക 31/3/17 ന് ട്രഷറിയിൽനിന്നും മാറിയെടുക്കാൻ സാധിക്കാതെ വന്നതിനാൽ 17-18

വർഷത്തിൽ നല്കിയതായും കാണുന്നു. കൂടാതെ KSEB ക്ക് dismantling charge, installation charge, supervision charge എന്നീയിനങ്ങൾക്കായി ഒന്നിന് 300/- രൂപ നിരക്കിൽ 59700/-രൂപയും അടവാക്കിയിട്ടുണ്ട്. എന്നാൽ supervision charge ഒഴികെയുള്ളവ കരാർ നല്കിയ സ്ഥാപനത്തിന് അനുവദിച്ചതിനാൽ KSEB ക്ക് ഒന്നിന് 18.50 രൂപ നിരക്കിൽ സൂപ്പർ വിഷൻ ചാർജ്ജിനു മാത്രമാണ് അർഹതയുള്ളൂ. ആയതിനാൽ അധികം നല്കിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ഹരിത കേരളം - തുണിസഞ്ചി വിതരണം-ക്വട്ടേഷൻ അംഗീകരിക്കുന്നതിനു മുൻപ് തുണിസഞ്ചി വാങ്ങി.

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

വൗച്ചർ നമ്പർ. 21601147/31-3-17 Rs.84000/-

1/12/16 ലെ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം നമ്പർ 5 പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുന്നതിന്റെ ഭാഗമായി എല്ലാ വീടുകളിലും ഓരോ തുണിസഞ്ചി വീതം വിതരണം നടത്താനും ആയത് ക്വട്ടേഷൻ അടിസ്ഥാനത്തിൽ വാങ്ങുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ചെലവ് തനത് ഫണ്ടിൽനിന്നും വഹിക്കുന്നതിനും തീരുമാനിച്ചിരുന്നു. തുണിസഞ്ചി വിതരണം ചെയ്യുന്ന മൊത്ത വ്യാപാരികൾ കേരളത്തിൽ ഇല്ലാത്തതിനാൽ തമിഴ്നാട്ടിലെ ഈറോഡിൽ നേരിട്ട് അന്വേഷണം നടത്തി ക്വട്ടേഷൻ വാങ്ങുകയും 26/12/16 ലെ 3 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ Shri Annai Trading Company, Bhavani എന്ന സ്ഥാപനത്തിന്റെ Rs.10.50/one bag എന്ന നിരക്ക് 29/12/16 ലെ പർച്ചേസിംഗ് കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങുകയുമായിരുന്നു (Bill no.34 dt.9/1/17,8000nos,Rs.84000/-). സെക്രട്ടറിയുടെ നടപടി പിന്നീട് 16/1/17 ലെ 3-ാം നമ്പർ തീരുമാനപ്രകാരം സാധൂകരിക്കുകയായിരുന്നു.
പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1)കമ്മറ്റി തീരുമാനത്തിന്റെ അഭാവത്തിൽ സാധനങ്ങൾ വാങ്ങാനുണ്ടായ അടിയന്തിര സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2)വാങ്ങിയ സഞ്ചികൾ വിതരണത്തിനായി മെമ്പർമാർക്ക് നല്കിയതായി കാണുന്നു. എന്നാൽ മെമ്പർമാർ ഇവ വിതരണം നടത്തിയതിന്റെ വിവരങ്ങളൊന്നും ലഭ്യമല്ല.

3)സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ബാക്കി വന്ന 147 ബാഗുകൾ എക്സിബിഷനിലേക്ക് നല്കിയതായി കാണുന്നു. എന്നാൽ ഏത് - ഡിവിഷനാണ് ഇവ നൽകിയതെന്നോ, ഇതിന് കമ്മിറ്റി തീരുമാനമുണ്ടായിരുന്നുവോ എന്നീ വിവരങ്ങൾ ലഭ്യമല്ല. ആയത് വില്പന നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-9 സ്ട്രീറ്റ് മെയിൻ വലിക്കൽ - ഒരേ പ്രവൃത്തിക്കായി വ്യത്യസ്ത നിരക്കുകൾ ഈടാക്കി.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പ്രോജക്റ്റ് നമ്പർ- 116/17

ട്രഷറി ബിൽ നം.21/14-1-17, തുക 100605/-

ട്രഷറി ബിൽ നം.20/14.1.17, തുക 90477/-

ട്രഷറി ബിൽ നം.19/14.1.17, തുക 1819703/-

അടവാക്കിയത്.

KSEB, Vatanapilly – Rs.32725/-

“ Triprayar - Rs.233495/-

“ Thalikkulam–Rs.1744565/-

മേൽ പദ്ധതിക്കായി ആകെ 2010785/- രൂപ മേൽപ്രകാരം KSEB വാടാനപ്പിള്ളി, തൃപ്രയാർ, തളിക്കുളം സെക്ഷനുകളിൽ അടവാക്കിയിട്ടുണ്ട്.

ലൈൻ എക്സ്റ്റൻഷനായി വാടാനപ്പിള്ളി സെക്ഷനിൽനിന്നുള്ള 32725/- രൂപയുടെ Adding one conductor per metre of ACSR Weasel on the existing poles എന്ന ഇനത്തിന് മീറ്റർ ഒന്നിന് 85/- രൂപ എന്ന നിരക്കും, തൃപ്രയാർ സെക്ഷനിൽനിന്നുള്ള എസ്റ്റിമേറ്റിൽ ഇതേ ഇനത്തിന് മീറ്റർ ഒന്നിന് 90/- രൂപ എന്ന നിരക്കുമാണ് കാണിച്ചിരിക്കുന്നത്. ആയതുപ്രകാരം തൃപ്രയാർ സെക്ഷനിൽ ഈയിനത്തിൽ 6555/- രൂപ അധികം അടവാക്കിയിട്ടുണ്ട്. പ്രസ്തുത സെക്ഷനുമായി ബന്ധപ്പെട്ട് മേൽ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പ്രകാരം 2010785/- രൂപ 1/17 ൽതന്നെ മാറിയിട്ടുണ്ടെങ്കിലും എന്നാണ് തുക KSEB യിൽ അടവാക്കിയതെന്ന് വ്യക്തമല്ല. കൈപ്പറ്റ് വിവരം ലഭ്യമാക്കേണ്ടതാണ്.

KSEB യുമായി കരാറിൽ ഏർപ്പെട്ടത് 19/6/17 ൽ മാത്രമാണ്. കരാറിൽ ഏർപ്പെടുന്നതിനുമുൻപ് തുക കൈമാറാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 3-10 ABC പ്രോഗ്രാം - തുക കൈപ്പറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമല്ല-അധിക തുക പിൻവലിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം. 84/17

ട്രഷറി ബിൽ നം. 10/22-10-16, Rs.75000/-

ട്രഷറി ബിൽ നം. 24/27-2-17, Rs.100000/-

ട്രഷറി ബിൽ നം. 25/27-2-17, Rs.125000/-

മേൽ പദ്ധതിക്കായി 3ലക്ഷം രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ തുക അടവാക്കാനായി ആവശ്യപ്പെട്ടുകൊണ്ടുള്ള ജില്ലാ കളക്ടറുടെ കത്ത്, തുക കൈമാറിയതിന്റെ വിവരം, കൈപ്പറ്റ് വിവരം, വിനിയോഗ വിവരം തുടങ്ങിയ യാതൊരു വിവരവും ലഭ്യമാക്കിയില്ല. തൃശ്ശൂർ ജില്ലയിലെ മിക്ക പഞ്ചായത്തുകളും പ്രസ്തുത പദ്ധതിക്കായി 2016-17 ൽ 75000/- രൂപ മാത്രമാണ് കൈമാറിയിട്ടുള്ളത്. ആയതിനാൽ അധികതുക കൈമാറാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## 3-11 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ – 10/2017

ട്രഷറിബിൽ നം. 48/31-3-17, Rs. 2000000/-

ട്രഷറിബിൽ നം. 36/31-3-17, Rs. 266060/-

ട്രഷറിബിൽ നം. 39/31-3-17, Rs. 619337/-

ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡ് 6450000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി T.S. നല്കുകയും ആയതിലേക്ക് 40 ലക്ഷം രൂപ സംസ്ഥാന ആവിഷ്കൃത ഫണ്ട് ലഭിക്കുകയും പ്രവൃത്തി നടന്നുവരുന്നതുമാണ്. കൂടാതെ മറ്റൊരു പ്രോജക്ടായ പ്രോജക്ട് നം 137/17 പ്രകാരം 885397/- രൂപയുടെ പ്ലാൻ ഫണ്ടും ക്രിമറ്റോറിയം നിർമ്മാണത്തിനായി കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർമ്മാണത്തിന് 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരം കളക്ടറുടെ അനുമതിയും ലഭ്യമായിട്ടില്ല. മാത്രമല്ല ചട്ടം 6(2) പ്രകാരം നിലവിലുള്ള ആ ശ്മശാനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ, വിപുലീകരിക്കുകയോ ചെയ്യുമ്പോഴും പുതിയ നിർമ്മിതിയായി കണക്കാക്കി കളക്ടറുടെ അനുമതി തേടേണ്ടതാണ്. കളക്ടറുടെ അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംസ്ഥാന ആവിഷ്കൃത ഫണ്ടിൽനിന്നും ലഭിച്ച 40 ലക്ഷം രൂപയിൽ ഇനിയും ചെലവാകാതെ നില്കുന്ന 155952/- രൂപയും, രണ്ട് പാർട്ട് ബില്ലുകളിൽ നിന്നായി റിട്ടെൻഷൻ ഇനത്തിൽ പിടിച്ച് വെച്ചിട്ടുള്ള 350431/- രൂപയുമടക്കം ആകെ 506383/- രൂപ തനതുഫണ്ടിൽ ബാക്കി നില്കുന്നുണ്ട്.

## 3-12 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ - വാങ്ങിയ 3510 എണ്ണം ട്യൂബുകൾ ഇനിയും ഉപയോഗപ്പെടുത്തിയില്ല.

പ്രോജക്റ്റ് നം. 57/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ട്രഷറി ബിൽ നം. 17/23-1-17, Rs.84214/-

ട്രഷറി ബിൽ നം. 34/29-3-17, Rs.115706/-

മേൽ പദ്ധതിക്കായി 115706/- രൂപ ചെലവഴിച്ച് Electromet Trading Company, Aluva എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. E-194/9-3-17 പ്രകാരം വാങ്ങിയ 3510 എണ്ണം ട്യൂബുകൾ നാളിതുവരെയായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതു കൂടാതെ ഇൻവോയ്സ് നം. E-128/13-1-17 പ്രകാരം വാങ്ങിയ 500 എണ്ണം ട്യൂബുകളും, തനത് ഫണ്ടുപയോഗിച്ച് വാങ്ങിയ 864 ട്യൂബുകളും 16-17 ൽ ഉപയോഗിച്ചിട്ടുണ്ട്. ട്യൂബുകൾ ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് വാറന്റി നഷ്ടപ്പെടുന്നതിനിടയാക്കുന്നതാണ്. ആയതിനാൽ അവ എത്രയും വേഗം ഉപയോഗിക്കേണ്ടതാണ്. ആവശ്യകത നിർണ്ണയിക്കാതെ അധികമായി ബൾബുകൾ വാങ്ങുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 3-13 കൈപറ്റ്, വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക | ചെലവ് വിവരം | റിമാർക്സ് | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1 | IKM ന് വിഹിതം നല്കൽ-26/17 | 52042/- | ട്രഷറിബിൽ നം.11/26-10-16 | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ഇല്ല. | ഐ.കെ.എം തിരുവനന്തപുരം |
| 2 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ-116/17 | 2010785 | ട്രഷറി ബിൽ നം. 19/14-1-17<br>ട്രഷറി ബിൽ നം 20/14-1-17<br>ട്രഷറി ബിൽ നം 21/14-1-17 | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ഇല്ല. | അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, വാടാനപ്പള്ളി, അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, തൃപ്രയാർ, അസിസ്റ്റന്റ് എഞ്ചിനീയർ, KSEB, തളിക്കുളം |
| 3 | 4,5 വാർഡുകളിൽ മിനി കുടിവെള്ള പദ്ധതി-122/17 | 1611856 | " 27/27-2-17 | KWA യുടെ എസ്റ്റിമേറ്റ്,വിനിയോഗ വിവരം എന്നിവയില്ല. | കേരള വാട്ടർ അതോറിറ്റി, തൃശ്ശൂർ |
| 4 | ABC പ്രോഗ്രാം-84/17 | 300000 | " 10/22-10-16<br>" 24/27-2-17<br>"25/27-2-17 | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ഇല്ല. | ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ |
| 5 | ISO സർട്ടിഫിക്കേഷൻ-127/17 | 25800 | "27/30-3-17 Rs.13800/-<br>Vr.No.21601124/30-3-17 | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ഇല്ല. | TQ Quality service project M/s Zealons |

| | | | | | |
|---|---|---|---|---|---|
| | | | Rs.12000/- | | consultancy service, Kochi |
| 6 | കോസ്റ്റ് ഫോർഡിന് തുക കൈമാറൽ-137/17 | 885397 | ട്രഷറിബിൽ നം. 36/31-3-17 Rs.266060/-<br>ട്രഷറിബിൽ നം. 39/31-3-17 Rs.619337/- | കൈപറ്റ്, വിനിയോഗ വിവരങ്ങൾ ഇല്ല. | കോസ്റ്റ് ഫോർഡ്, തൃശ്ശൂർ |
| | ആകെ | 4885880 | | | |

ചെലവ് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4885880/- രൂപ തടസ്സപ്പെടുത്തുന്നു

## 3-14 റോഡ് കട്ടിംഗ് ചാർജ്ജ് വാങ്ങിയത്-വിശദവിവരം ലഭ്യമാക്കിയില്ല

15/2/17 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 5 പ്രകാരം നിശ്ചിത ഫീസ് ഈടാക്കി വോഡഫോൺ കേബിൾ ഇടുന്നതിന് അനുമതി നല്കാൻ തീരുമാനിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.22/22-9-17) നല്കിയ മറുപടിയിൽ 27178/- രൂപ പ്രസ്തുത കമ്പനിയിൽനിന്നും ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈടാക്കിയ തുകയുടെ കൃത്യത പരിശോധിക്കാനായില്ല. ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-15 അഡ്വക്കറ്റ് ഫീ നല്കിയത്- ആദായനികുതി ഈടാക്കിയില്ല

2016-17 വർഷത്തിൽ വക്കീൽ ഫീസിനത്തിൽ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | കേസ് നം. | വൗച്ചർ നം. | തുക | വക്കീലിന്റെ പേര് |
|---|---|---|---|---|
| 1 | WP(C)No.1149/16 | 21600125/31-5-16 | 15000/- | Adv. Sageer Ibrahim |
| 2 | WP(C)No.504/16 | 21600363/19-8-16 | 15000/- | “ |

| | | | | |
|---|---|---|---|---|
| 3 | WP(C)No.37991/15 | 21600364/19-8-16 | 15000/- | " |
| 4 | WP(C)No.23892/15 | 21600725/19-12-16 | 15000/- | " |
| | ആകെ | | 60000/- | |

ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194J പ്രകാരം 30000/- രൂപക്ക് മുകളിലുള്ള professional charge ന് 10% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ (എൻക്വയറിനം. 24/22-9-17) 2016-17 വർഷത്തിൽ വക്കീൽ നല്കിയ ആദായനികുതി റിട്ടേണിൽ പ്രസ്തുത തുകകളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് വക്കീൽ അറിയിച്ചത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇത് തെളിയിക്കാനാവശ്യമായ രേഖകളൊന്നും തന്നെ ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ആദായനികുതി ഈടാക്കി അടവാക്കേണ്ടതുമാണ്.

## 3-16 തെരുവ് വിളക്കുകൾക്ക് എഎംസി- കരാർ നിരക്കിൽനിന്നും വ്യത്യസ്തമായ നിരക്കിൽ തുക അനുവദിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി.

ഇതുമായി ബന്ധപ്പെട്ട് 2016-17 കാലഘട്ടത്തിൽ 3 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | കരാറുകാരൻ | ചെലവ് വിവരം |
|---|---|---|---|
| 1 | 6/17 (New) | വി.വി.ബാബു | ട്രഷറി ബിൽ നം.28/6-3-17 Rs.99840/- |
| 2 | 140/17(New) | ,, | വൗച്ചർ നം. 21601201/31-3-17 Rs.48134/- |
| 3 | 7/17(S.O.) | JiJu. V. | ട്രഷറി ബിൽ നം.16/25-1-17 Rs.72280/- |
| | | ആകെ | 220254/- |

പദ്ധതികൾ നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ഇതിൽ ആദ്യ പദ്ധതിയായ 6/17, 2017-18 കാലഘട്ടത്തിലേക്കായിരുന്നു. ഇതിന് റീ ടെണ്ടർ വിളിച്ചത് 22/3/17 ലും ടെണ്ടർ സമർപ്പിച്ചിട്ടുള്ളത് 27/3/17 ലും കരാർ വെച്ചത് 1/4/17 ലുമാണ്. ടെണ്ടർ നോട്ടീസിലും 1/4/17 മുതൽ ഒരു വർഷത്തേക്ക് എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ 6/3/17 ൽതന്നെ മേൽ പദ്ധതിയിൽനിന്നും 99840/- (384nosx260) രൂപ പിൻവലിച്ച് കരാറുകാരന് നല്കിയിട്ടുണ്ട്.

2)2016-17 വർഷത്തേക്ക് 4/2/16 ൽ ടെണ്ടർ ക്ഷണിക്കുകയും ശ്രീ ബാബു.വി.വി എന്നയാൾക്ക് ട്യൂബ് ഒന്നിന് 260/- രൂപ നിരക്കിൽ കരാർ നല്കുകയുമായിരുന്നു. എഗ്രിമെന്റ് തീയ്യതി 1/4/16 എന്നാൽ ഈ പദ്ധതിയിൽനിന്നും 2015-16 വർഷത്തിൽതന്നെ 127680/- രൂപ പിൻവലിച്ച് 2015-16 വർഷത്തെ കരാറുകാരനായ ശ്രീ ജിജു .വി. എന്നയാൾക്ക് (672nosx190) നല്കിയിട്ടുണ്ട്. തുടർന്ന് 16-17 വർഷത്തിലും ഇതേ പദ്ധതിയിൽനിന്നും 72280/- രൂപ പിൻവലിച്ച് (278nosx260) ശ്രീ. ബാബു.വി എന്നയാൾക്ക് നല്കിയിട്ടുണ്ട്.

3) 2016-17 വർഷത്തിൽ തെരുവ് വിളക്ക് AMC ക്കായി തയ്യാറാക്കിയ മറ്റൊരു പദ്ധതിയായ 140/17 എന്നതിനായി തനതുഫണ്ടിൽനിന്നും 48134/- രൂപ കൂടി കരാറുകാരനായ ശ്രീ ബാബു വി.വി എന്നയാൾക്ക് നല്കിയിട്ടുണ്ട്(187nosX260=48620(48134+481IT)). എന്നാൽ ആദായനികുതി അടവാക്കിയതായി കാണുന്നില്ല.

മേൽപ്രകാരം പദ്ധതി നടപ്പാക്കുന്ന രീതി ശരിയല്ല. ഒരു വർഷത്തേക്ക് ഒരു നിശ്ചിത അടങ്കലോട്ടുകൂടി പദ്ധതി തയ്യാറാക്കി, ടെണ്ടർ നടത്തി ഒരു നിശ്ചിത നിരക്കിന് ഒരു കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞാൽ, ടി പദ്ധതിയിൽനിന്നും പിൻവലിക്കുന്ന തുകകളെല്ലാം അതേ നിരക്കിലുള്ളതും, അതേ കരാറുകാരനുമായിരിക്കണം. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## **3-17** പട്ടികജാതി യുവാക്കൾക്ക് വിദേശജോലിക്ക് ധനസഹായം

പ്രൊജക്റ്റ് നം-S0038/17

നിർവ്വഹണം-അസി.സെക്രട്ടറി

അടങ്കൽ-വികസനഫണ്ട്(എസ്.സി.പി)-3,00,000/-

ചെലവ്-ട്രഷറി ബില്ല് നം 4/16-17/scp/68/3.3.17 ,₹ 50,000/-

പവിത്രൻ, ചെമ്മാപ്പുള്ളി എന്ന ഗുണഭോക്താവിനാണ് ധനസഹായം അനുവദിച്ചത്. പദ്ധതി മാർഗ്ഗരേഖ ജി ഒ(എം.എസ്) 4/2016/തസ്വഭവ/11.1.2016 ഖണ്ഡിക 6.8.1 പ്രകാരം പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽവിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറക്ക് 50,000/-രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. ശ്രീ പവിത്രന് Kingdom of SaudiArabia 16.2.2017 മുതൽ 90ദിവസത്തേക്ക് അനുവദിച്ച വിസയുടെ പകർപ്പാണ് ഫയലിലുള്ളത്. തൊഴിൽ വിസ ലഭിച്ചതായി കാണുന്നില്ല. തൊഴിൽ വിസയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## **3-18** എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും **-10**എണ്ണം വിതരണം നടത്തിയിട്ടില്ല.

പ്രൊജക്റ്റ് നം-S0029/17

നിർവ്വഹണം-പ്രധാന അദ്ധ്യാപിക

അടങ്കൽ-എസ്.സി.പി-1,00,000/-

ചെലവ്-ട്രഷറി ബിൽ നം-5/16-17/31.3.17 /₹99375/-

ടെണ്ടർ വിളിച്ച് ടിപ്പ് ടോപ്പ് സ്റ്റീൽ ഫർണീച്ചർ, വലപ്പാട് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം 506/29.3.17 പ്രകാരം 25 എണ്ണം വീതം സ്റ്റീൽ മേശ, കസേര എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ 15 പേർക്ക മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ. പഞ്ചായത്ത് കമ്മറ്റി 16.1.17 തീയതിയിൽ VII-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച പട്ടികയിൽ 53 ഗുണഭോക്താക്കളുണ്ട്. എന്നിട്ടും വിതരണം പൂർത്തിയാകാത്തതിന് കാരണം വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി 14/20.9.17ന് മറുപടി ലഭിച്ചിട്ടില്ല. പദ്ധതിപണം ചെവഴിച്ച് വാങ്ങിയ ഫർണീച്ചറുകൾ അർഹരായ ഗുണഭോക്താക്കൾക്ക്എത്രയും വേഗം വിതരണം ചെയ്യേണ്ടതാണ്.

മേൽ പ്രൊജക്ട് പ്രകാരം ഫർണീച്ചർ ലഭിച്ച ശ്രേയ സുജിത്ത്, വെള്ളാനി, ഇടശ്ശേരി എന്ന കുട്ടിക്ക് പട്ടികജാതി വകുപ്പിൽ നിന്നുംമേശയും കസേരയും ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമില്ല. ആയതു ലഭ്യമാക്കേണ്ടതാണ്.

## 3-19 എസ്.എസ്.എ വിഹിതം അധികം അനുവദിക്കപ്പെട്ടു

പ്രൊജക്ട് നം-S0015/17

നിർവ്വഹണം-പ്രധാന അദ്ധ്യാപിക

ട്രഷറി ബില്ല് നം.1/2016-17/15.11.16 പ്രകാരം 969728/-രൂപ പിൻവലിച്ച് എസ്എസ്എ ക്ക് കൈമാറിയിട്ടുണ്ട്. എസ്എസ്എ ജില്ലാ പ്രൊജക്ട് ഓഫീസർ 24.6.2017ന് നൽകിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രപ്രകാരം പഞ്ചായത്തിൽ തൻവർഷം എസ്എസ്എ ചെലവഴിച്ചത് 14,54,711/-രൂപയാണ്. ആയതിന്റെ 40% അതായത് 5,81,884/- രൂപ മാത്രമാണ് പഞ്ചായത്ത് വഹിക്കേണ്ടതുള്ളൂ. 2016-17 ൽ അധികം അനുവദിക്കപ്പെട്ട 387844/- തിരികെ ലഭിക്കുന്നതിനോ, തുടർന്നുള്ള വർഷങ്ങളിലെ വിഹിതത്തിൽ വകയിരുത്തുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 ആശ്രയമരുന്ന്-പദ്ധതിവിഹിതം ഉപയോഗിക്കുന്നു

പ്രൊജക്ട് നം-S0019/17

നിർവ്വഹണം -വി.ഇ.ഒ

ചെലവ്-ട്രഷറി ബില്ല് നം-4/31.1.17, ₹ 5,00,000/-

വി.ഇ.ഒ നടപ്പാക്കിയ ആശ്രയമരുന്ന് എന്ന പ്രൊജക്ട് പ്രകാരം 5 ലക്ഷം രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് സി.ഡി.എസ് ആശ്രയ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പ്രൊജക്ടിന്റെ പകർപ്പ് ലഭിക്കാത്തതിനാൽ ഏതെല്ലാം ഫണ്ട് എത്രവീതം വകയിരുത്തിയിട്ടുണ്ടെന്ന് പരിശോധിക്കാനായിട്ടില്ല. ആശ്രയ പദ്ധതിപ്രകാരമുള്ള മരുന്നുവിതരണം ചലഞ്ച് ഫണ്ടിൽ നിന്നുമാണ് നടത്തേണ്ടത്. പദ്ധതിവിഹിതം ഉപയോഗിച്ച് നൽകേണ്ട ഒരു ആനുകൂല്യവും ഗുണഭോക്താക്കൾക്ക് പൂർണ്ണമായി അനുവദിക്കപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ഒന്നാം ഘട്ടം | | രണ്ടാം ഘട്ടം | |
|---|---|---|---|---|
| | ആവശ്യമുള്ളവർ | ലഭിച്ചത് | ആവശ്യമുള്ളവർ | ലഭിച്ചത് |
| ആകെ ഗുണഭോക്താക്കൾ | 105 | | 85 | |
| വീടിന് സ്ഥലം | 13 | - | 8 | - |
| വീട് | 37 | 12 | 21 | 2 |
| വീട് റിപ്പയർ | 55 | 19 | 21 | - |
| കക്കൂസ് | - | - | 4 | - |
| കുടിവെള്ളം | - | - | 6 | - |

ആശ്രയ ഒന്നാംഘട്ടത്തിന്റെ ചലഞ്ച് ഫണ്ട് മുഴുവനായി വിനിയോഗിച്ചുകഴിഞ്ഞുവെന്നും മരുന്നുവിതരണം നിർത്തലാക്കാൻ കഴിയാത്തതിനാൽ പദ്ധതിവിഹിതം വിനിയോഗിച്ചുവെന്നുമാണ് പഞ്ചായത്തിൽ നിന്നും ലഭിച്ച വിവരം. നാളിതുവരെ ആശ്രയ ഒന്നാംഘട്ടം റീസർവ്വെ നടത്തി പ്രൊജക്ട് പുതുക്കിയിട്ടില്ല. ആയതിനാലാണ് ചലഞ്ച് ഫണ്ട് ലഭിക്കാത്തത്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്നുവിതരണത്തിന് ചലഞ്ച്ഫണ്ട് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതിവിഹിതത്തിൽ നിന്നും അനുവദിക്കേണ്ട ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കേണ്ടതുമാണ്.

## 3-21 പ്രത്യേകകന്നുകുട്ടി പരിപാലനം,വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ- SO27/17
അടങ്കൽ-വികസനഫണ്ട്-312500

ഗുണഭോക്തൃവിഹിതം-625000

സംസ്ഥാനഫണ്ട്-625000

ചെലവ്-ട്രഷറിബിൽ നം-PO2/2016-17/21.3.17/₹312500/-

25 ഗുണഭോക്താക്കൾക്കുള്ള വികസനഫണ്ട് 312500/-രൂപ എസ്.എൽ.ബി.പി ക്ക് മേൽപറഞ്ഞ പ്രകാരം കൈമാറിയിട്ടുണ്ട്. ആയതിന് കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. തീറ്റവിതരണം നടത്തുന്ന പാൽ സൊസൈറ്റിയിൽ നിന്നും പരിശോധനക്കായി ലഭ്യമാക്കിയ വ്യക്തിഗത നാൾവഴി പ്രകാരം വിചിത്ര ശ്രീധരൻ, പറക്കുട്ട് എന്ന ഗുണഭോക്താവ് നാളിതുവരെ തീറ്റ സബ്സിഡി കൈപ്പറ്റിയിട്ടില്ല. ഇവർ പദ്ധതിയിൽ തുടരുന്നില്ലെങ്കിൽ ഇവർക്കായി കൈമാറിയ തുക സർക്കാരിലേക്ക് തിരിച്ചടവാക്കാൻ എസ്.എൽ.ബി.പി അധികാരികൾക്ക് നിർദ്ദേശം നൽകാവുന്നതാണ്.

പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം എസ്.എൽ.ബി.പി യിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ

പരിശോധനക്ക ഹാജരാക്കുന്നതുവരെ ചെലവുതുക 312500/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നം-S0057/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

ട്രഷറി ബില്ല് നം 4/29.1.17 പ്രകാരം 1,00,000/-രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ.ഓപ്പറേറ്റീവ് ഫാർമസിക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്, മരുന്ന് ലഭിച്ചതിന്റെ ബില്ല്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവുതുക 1,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-23 പാലിയേറ്റീവ് കെയർ-ചെലവുരേഖകൾ പൂർണ്ണമായും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം-S0016/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,പി.എച്ച്.സി
അടങ്കൽ-

ചെലവ്-

| ട്രഷറി ബിൽ നം | തുക |
|---|---|
| 1/27.10.16 | 123320 |
| 2/25.11.16 | 24660 |
| 3/,, | 24660 |
| 4/,, | 10000 |
| 6/- | 19660 |
| 7/- | 24660 |
| 9/29.3.17 | 143777 |

1)പാലിയേറ്റീവ് കെയർ പദ്ധതിക്കായി നടത്തിയ താഴെ പറയുന്ന വാങ്ങലുകളുടെ ബില്ല്, തുകയുടെ കൈപ്പറ്റ് രശീതി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനം | ഇൻവോയ്സ് നം | തുക | ഇനം |
|---|---|---|---|
| ബയോ ഏജൻസീസ് | 1861/24.3.17 | 33122 | വീൽചെയർ തുടങ്ങിയവ |

| | | | |
|---|---|---|---|
| കേരളമെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻLtd | PRF 3318/9.3.17 | 86495 | മരുന്നുകൾ |
| പ്രൈമ എന്റർപ്രൈസസ് പെരിഞ്ഞനം | Inv-B-1433/17.3.17 | 30000 | സ്റ്റീൽമേശ, അലമാര,കസേര |
| ആര്യപേപ്പർമാർട്ട്& ഓഫീസ് കളക്ഷൻ | 901/തിയതിഇല്ല | 2220 | ഓഫീസ് സ്റ്റേഷനറി |
| | 902/,, | 2780 | |
| | 905/,, | 5000 | |
| | 906/,, | 5000 | |
| | 907/,, | 5000 | |

2)ഹോം കെയർ വിസിറ്റിനായി വാഹനം വാടകയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ വിളിച്ചതിന്റേയും കരാർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-24 ബയോഗ്യാസ് പ്ലാന്റ്-വികസനഫണ്ട് അധികം ചെലവഴിച്ചു.

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തളിക്കുളം ഗ്രാമപഞ്ചായത്തിൽ 2012-13 ലാണ് ആരംഭിച്ചത്. അംഗീകാരം ലഭിച്ച പ്രോജക്ട് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ പദ്ധതി അടങ്കൽ, മറ്റു വിശദാംശങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. പരിശോധനക്ക് ലഭ്യമായ ഫയലിൽ നിന്നുള്ള വിവരമനുസരിച്ച് ഈ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം, ശുചിത്വമിഷൻ ഫണ്ട് എന്നിവ ആനുപാതികമായി ചെലവഴിക്കാതിരുന്നതിനാൽ വികസനഫണ്ടിൽ നിന്നും അധിക തുക ചെലവഴിക്കപ്പെട്ടിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ശുചിത്വമിഷന്റെ എസ്.എം/സി1/5541/2012 തീയതി 21.1.2013 ഉത്തരവ് പ്രകാരം 2.5kg അളവിലുള്ള 8500/- രൂപ വിലവരുന്ന 235 എണ്ണം പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാനാണ് അനുമതി ലഭിച്ചത്. പിന്നീട് 5kg അളവിലുള്ള 10500/- രൂപ വിലവരുന്ന കൂടുതൽ പ്രവർത്തനക്ഷമതയുള്ള ബയോഗ്യാസ് പ്ലാന്റ് അധികവിലയായ 2000/- രൂപ ആവശ്യക്കാരായ ഗുണഭോക്താക്കൾ വഹിക്കണം എന്ന വ്യവസ്ഥയിൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ (ഗുണഭോക്താക്കളുടെ ആവശ്യപ്രകാരം) 18.3.2013 തീയതിയിൽ 1(4) നമ്പറായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തു. ആകെ വിലയുടെ 50% ശുതിത്വമിഷൻ ഫണ്ടിൽ നിന്നും 25% പഞ്ചായത്ത് വിഹിതത്തിൽ നിന്നും 25% ഗുണഭോക്തൃവിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. ആദ്യ 100 എണ്ണം സോഷ്യോ എക്കണോമിക് ഫൗണ്ടേഷനാണ് നടപ്പാക്കിയത്. ബാക്കിയുള്ള 135 എണ്ണം നടപ്പാക്കാനായി RAIDCO ക്ക് കരാർ നൽകി. RAIDCO നാളിതുവരെ 109 പേർക്ക് പ്ലാന്റ് അനുവദിച്ചു. RAIDCO യുമായുള്ള കരാർ പ്രകാരമുള്ള 135 ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള പദ്ധതി വിഹിതം 286875/- രൂപ (135x25% of 8500 = 135x2125=286875) 2013-14 വർഷത്തെ പ്രോജക്റ്റിൽ അടങ്കൽ വച്ച് അതേ വർഷം തന്നെ RAIDCO

ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 109 പേർ മാത്രമാണ് പദ്ധതിയിൽ നാളിതുവരെ പങ്കാളികളായത്. പദ്ധതി തുടർന്ന് നടപ്പാക്കിയിട്ടില്ല. ആയതിനാൽ 26 പേരുടെ പദ്ധതി വിഹിതം 26x2125=55250 രൂപ അധികം ചെലവഴിക്കപ്പെട്ടിട്ടുണ്ട്. 109 എണ്ണത്തിന്റെ ആകെ വില = 109x8500=926500/- RAIDCO യുമായുള്ള കരാർ പരിശോധനക്ക ലഭിച്ചിട്ടില്ലാത്തതിനാൽ ഒരു യൂണിറ്റിന് കരാർ പ്രകാരമുള്ള വില എത്രയെന്ന് വ്യക്തമല്ല.

109 ബയോഗ്യാസ് പ്ലാന്റുകൾക്കായി അനുവദിച്ചതും അനുവദിക്കേണ്ടതുമായ തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ശതമാനം | ചെലവാക്കേണ്ടത് | ചെലവഴിച്ചത് | വ്യത്യാസം |
|---|---|---|---|---|
| ശുചിത്വമിഷൻ ഫണ്ട് | 50% | 463250 | 425000 | (-)38250 |
| പഞ്ചായത്ത് വിഹിതം(വികസനഫണ്ട്) | 25% | 231625 | 286875 | (+)55250 |
| ഗുണഭോക്തൃവിഹിതം | 25% | 231625 | 214075 | (-)17550 |
| ആകെ | 100% | 926500 | 925950 | |

109 എണ്ണം ബയോഗ്യാസ് പ്ലാന്റുകൾക്ക് കരാർ പ്രകാരം RAIDCO ക്ക് കൈമാറേണ്ട തുകയും ആയതിന്റെ ഫണ്ട് തിരിച്ചുള്ള കണക്കും, പ്രസ്തുത പ്രോജക്ടിനായി ലഭിച്ച ഗുണഭോക്തൃവിഹിതം, ശുചിത്വമിഷൻ ഫണ്ട് എന്നീ ഇനങ്ങളിൽ പഞ്ചായത്തിന്റെ കൈവശം ബാക്കി നിൽക്കുന്ന തുകകളുടെ കണക്കും തയ്യാറാക്കി ഈ പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുകയടക്കം ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയാഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിൻെറ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചാത്ത് | 2016-17 | 300000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 225000 | 75000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 220000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 171000 | 49000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 300000 | ഗാർഹികകമ്പോസ്റ്റ് | 0 | 300000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | 4,5 വാർഡുകളിലെ മിനി കുടിവെള്ള പദ്ധതി | 21600989 | 1614856 | 0 | 1614856 |
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21600929 | 2010785 | 233495 | 1777290 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 12866/-രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരുംഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10 | 3-10 | 12866 | പി.ആർ.രാമചന്ദ്രൻ | 11606900040/24.3.17 |

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46448367 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44486693 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | – |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5348380 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 4885880 | ടി.എസ്.ബെനഡിക്ട്,സക്രട്ടറി |
| 3-17 | 50000 | എൻ.ജി.ദിനേശൻ,അസി.സെക്രട്ടറി |
| 3-21 | 312500 | ഡോ.ഡീന ആന്റണി, വെറ്ററിനറി സർജൻ |
| 3-22 | 100000 | ഡോ.നൈജ്ജ ജോർജ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 5348380 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുംപുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 88-89, 89-90 90-91 | എൽ.എഫ്.ടി.8-എസ്. 201/12തിയതി. 24/10/11 -28/03/12 |

| | |
|---|---|
| 92-93 മുതൽ 95-96 വരെ | |
| 97-98 | എൽ.എഫ്.ടി.14-1760/99 തിയതി. 28/03/2000 |
| 98-99 | എൽ.എഫ്.ടി.14-1547/2000- തിയതി 09/05/01 |
| 99-00 | എൽ.എഫ്.ടി.14-212/03- തിയതി 4/07/03 |
| 00-01 | എൽ.എഫ്.ടി.14-213/03 തിയതി 15/09/03 |
| 01-02 | എൽ.എഫ്.ടി.14-1735/03- തിയതി 22/05/03 |
| 02-03 | എൽ.എഫ്.ടി.14-440/05 തിയതി 10/10/05 |
| 03-04 | എൽ.എഫ്.ടി.14-1864/05 തിയതി 26/07/06 |
| 04-05 | എൽ.എഫ്.ടി.14-316/07 തിയതി 29/3/07-5 /06/07 |
| 05-06 | എൽ.എഫ്.ടി.14-1963/08 തിയതി 21/12/09 |
| 06-07 | എൽ.എഫ്.ടി.14-669/10 തിയതി 6/09/10 |
| 07-08 | എൽ.എഫ്.ടി.14-1068/10 തിയതി 31/01/11 |
| 08-09 | എൽ.എഫ്.ടി.പി.14-1069/10തിയതി 31/01/11-29/06/11 |
| 09-10 | എൽ.എഫ്.ടി.പി.1-891/12 തിയതി 7/9/12 |
| 10-11 | എൽ.എഫ്.ടി.പി.1-892/12തിയതി 7/9/12-5 /01/13 |
| 11-12 | എൽ.എഫ്.ടി.പി.1-364/13തിയതി 12/06/13-4 /11/13 |
| 12-13 | എൽ.എഫ്.ടി.പി.1-31/14തിയതി. 4/03/14 – 4/4/14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.130/2016/22.1.16-18.3.2016 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ. (പി1)1197/16 തി. 21.7.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ. (പി1)9/17 തീ. 30.01.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി1)1525/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in


തീയതി: 28.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P1)1525/2017

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 28.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thalikulam Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Thalikulam Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur